# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/39/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/02/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/39/22 തീയ്യതി: 08/02/2022

## ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 28-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിനി എം വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 29-12-2021 | 05-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-12-2021 | 05-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിഷ്ണുപ്രിയ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മർട്ടിൽ മാത്യൂ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ഭരണ നിർവഹണ കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീ മാത്യൂ കെ ജോൺ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ കെ ആർ ഭാഗ്യരാജ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദീപ റ്റി ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീദേവി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിഷ ജോസഫ് | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഡീന എബ്രഹാം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി സോഫിയാമോൾ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 26-02-2021 |
| ശ്രീ റ്റി എൻ സതിഷ് | പട്ടികജാതി വികസന ഓഫീസർ | 27-02-2021 | 31-03-2021 |
| ഡോ. അൻസൽ നബി | മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 01-04-2020 | 31-03-2021 |
| ശ്രീ.സുധീഷ് എം.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബുരാജ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 01-03-2021 |
| ശ്രീമതി സിന്ധു പി കെ | വ്യവസായ വികസന ഓഫീസർ | 02-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anitta P Samuel (Asst. Audit Officer, On 31-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 01-02-2022) | 1-1 |
| 2 | ബജറ്റ് വ്യതിയാനം<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 06-02-2022) | 1-1(1) |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 01-02-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Anitta P Samuel (Asst. Audit Officer, On 31-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 06-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 01-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 06-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 01-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 06-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anitta P Samuel (Asst. Audit Officer, On 01-01-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 01-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Anitta P Samuel (Asst. Audit Officer, On 01-01-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 01-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 01-02-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 01-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 01-02-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 01-02-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-02-2022) | 1-11 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടങ്ങളുടെ കൃത്യമായ വിവരങ്ങളുടെ അഭാവവും വാടക സംബന്ധിച്ച അപാകതകളും<br>Written By: Maya Krishnan (Auditor, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-12 |
| 14 | പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധിക തുക നൽകി നഷ്ടം ₹5000/-<br>Written By: Maya Krishnan (Auditor, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-02-2022) | 1-13 |
| 15 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ കരിമണ്ണൂർ കാർഷിക വിപണിയ്ക്ക് ഒറ്റത്തവണ ഗ്രാന്റ് നൽകൽ-പദ്ധതി നടത്തിപ്പിൽ അപാകതകൾ -ചെലവ് തടസ്സം ₹60,400/-<br>Written By: Maya Krishnan (Auditor, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 06-02-2022) | 1-14 |

| | | |
|---|---|---|
| 16 | ടെണ്ടർ ഫീ-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-15 |
| 17 | നിയമപരമായ കാലാവധിക്ക് ശേഷവും പിഴ ഈടാക്കാതെ കരാർ ചമയ്ക്കാൻ കരാറുകാർക്ക് അനുവാദം നൽകി<br>Written By: Marun Mathew (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-16 |
| 18 | മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നു<br>Written By: Marun Mathew (Asst. Audit Officer, On 07-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-17 |
| 19 | പ്രവൃത്തികൾ വിഭജിച്ച് നല്കുന്നത് സംബന്ധിച്ച്<br>Written By: Marun Mathew (Asst. Audit Officer, On 07-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Maya Krishnan (Auditor, On 03-01-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya Krishnan (Auditor, On 03-01-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Shyni M.R (Computer Assistant, On 07-02-2022) | |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹297471833/-വരവും ₹294875000/- ചെലവും ₹2596833/- നീക്കിയിരിപ്പും ഉള്ള ഇളംദേശം ബ്ലോക്കിന്റെ 2020-21ലെ ബജറ്റ് 25.03.2020ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി.

### 1-1(1) ബജറ്റ് വ്യതിയാനം

ബജറ്റ് വരവ് ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്.
കെട്ടിട വാടക ഇനത്തിലെ വരവ്, ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്ത തുകയും തമ്മിൽ രൂ.163519/(300000-136481) യുടെ വ്യത്യാസം ഉണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | 2020-21 ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| കെട്ടിട വാടക | 300000 | 136481 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31-7-2021 | 17-6-2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11177444 |
| വരവ് | 60934209 |
| ആകെ | 72111653 |
| ചെലവ് | 64862772 |
| നീക്കിയിരിപ്പ് | 7248881 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 27986107 | 27986107 | 27936166 | 49941 |
| | പട്ടികജാതി വിഭാഗം | 0 | 6220951 | 6220951 | 5379957 | 840994 |
| | പട്ടിക വർഗ്ഗം വിഭാഗം | 0 | 8802000 | 8802000 | 6002748 | 2799252 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 0 | 0 | 0 | 0 | 0 |
| | നോൺറോഡ് | 0 | 4868259 | 4868259 | 3596719 | 1271540 |
| | ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 10480000 | 10480000 | 7768742 | 2711258 |
| | ഐ.എ.വൈ | 402681 | 180481 | 583162 | 0 | 583162 |

| | | | | | | |
|---|---|---|---|---|---|---|
| | (പൊതുവിഭാഗം) | | | | | |
| | സംമ്പൂർണ്ണ ശുചിത്വം | 175124 | 107480 | 282604 | 51249 | 231355 |
| | സാക്ഷരത | 5520 | 227 | 5747 | 0 | 5747 |
| | നീർത്തടപരിപാലനപദ്ധതി | 43332 | 3624 | 46956 | 46956 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | താല്ക്കാലിക മായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 72906778 | 127 | 52549975 | 0 | 35 | 78.39 |

2020-21 വർഷം പദ്ധതി അടങ്കൽ ₹72906778/- ആയി 162 പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിലും ₹52549975/- പദ്ധതി ചെലവിൽ 127 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ തൻവർഷം നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | 7 | 5 | 2851722 | 1729753 | 60.63 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 44 | 36 | 23756173 | 17992947 | 75.74 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 7 | 7 | 1768243 | 1428438 | 80.78 |
| ക്ഷീര വികസന ഓഫീസർ | 8 | 8 | 5752475 | 5752382 | 99.99 |
| വ്യവസായ വികസന ഓഫീസർ | 5 | 4 | 2787500 | 1840000 | 66.00 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 940100 | 892673 | 90.16 |
| അസി.ഡയറക്ടർ, കൃഷി | 2 | 2 | 2691374 | 256286 | 9.52 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 750200 | 749450 | 99.90 |
| അസി.എഞ്ചിനീയർ | 86 | 62 | 31608991 | 19601470 | 62.01 |
| ആകെ | 162 | 127 | 72906778 | 52549975 | 72.08 |

തൻവർഷം ആകെ വകയിരുത്തിയിരുന്ന ₹72906778/- ന്റെ 72.08% ആയ ₹52549975 ചെലവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ആം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-1-2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 5-1-2022 ന് ക്യാഷ് ബാലൻസ് ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | തിയതി | കാലയളവ് | തിയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-2-2015 മുതൽ 7-2-2015 വരെ | 2012-13 | 28-4-2015 |
| പെർഫോമൻസ് ഓഡിറ്റ് | 21-7-2020 മുതൽ 24-7-2020 വരെ | 2019-20 | 19-6-2020 |
| | 15-4-2021 മുതൽ 22-4-2021 വരെ | 2020-21 | 7-7-2021 |

## 1-10 ആഭ്യന്തരനിയന്ത്രണം

ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലികൾ വിഭജിച്ച് നൽകുന്നുണ്ട്. സ്ഥാപനത്തിലെ രജിസ്റ്ററുകൾ യഥാവിധി എഴുതി തയ്യാറാക്കുന്നില്ല. രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വാടക രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ചാർജ്ജ് സർചാർജ്ജ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമല്ല.

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് ബി-4 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹92425/- നീക്കിയിരിപ്പുണ്ടെങ്കിലും ഇതു സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)ബാലൻസ് ഷീറ്റ് B-15 പ്രകാരം കെട്ടിട വാടക ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ തുക ₹33906/- ലഭ്യമാകാനുണ്ട് എങ്കിലും ഡി.സി.ബി രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

3)ബാലൻസ് ഷീറ്റ് B-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ₹80000/- നീക്കിയിരിപ്പുണ്ട് എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

4)ആലക്കോട് സർവ്വീസ് സൊസൈറ്റി അക്കൗണ്ട് നമ്പർ 5200ൽ വർഷാവസാനം നീക്കിയിരിപ്പ് ₹782/- ആണ്. RP40(b) യിൽ ₹732/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

5)ഇടുക്കി ജില്ലാ സഹകരണ ബാങ്ക് 0001, യൂണിയൻ ബാങ്ക് ഐ.എ.വൈ 4450 എന്നീ അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും നടക്കുന്നില്ലെങ്കിലും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6)ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-5 പ്രകാരമുള്ള ലോൺ തുകയുടെ കൃത്യത വ്യക്തമല്ല.

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടങ്ങളുടെ കൃത്യമായ വിവരങ്ങളുടെ അഭാവവും വാടക സംബന്ധിച്ച അപാകതകളും

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വാടകക്കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/31-12-2021 ന് മറുപടി ഹാജരാക്കിയില്ല.

1) വാടക രജിസ്റ്റർ, വാർഷികക്കണക്ക് എന്നിവ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസം കാണപ്പെടുന്നു.

| | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | കെട്ടിട വാടക | 134981 | 59853+58801 | 28616+5290 |
| | ഹാൾ വാടക | 1500 | 1500 | - |
| രജിസ്റ്റർ പ്രകാരം | കെട്ടിട വാടക | 170745 | 120154 | 52091 |
| | ഹാൾ വാടക | - | - | - |

2) കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശമുണ്ടെങ്കിലും യാതൊരു പുരോഗതിയും രജിസ്റ്റർ സൂക്ഷിപ്പിൽ ഉണ്ടായിട്ടില്ല. ഉത്തരവാദപ്പെട്ട സെക്ഷനുകളുടെയും മേലധികാരികളുടെയും കർത്തവ്യനിർവ്വഹണത്തിലെ അലംഭാവമായാണ് ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നത്.

3)ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

| ക്രമ നം. | കെട്ടിടം |
|---|---|
| 1 | വ്യവസായ കേന്ദ്രം വണ്ണപ്പുറം |
| 2 | ചക്കിക്കാവ് വനിതാ വിപണന കേന്ദ്രം |
| 3 | പൂമാല എസ്ജിഎസ് വൈ കെട്ടിടം |
| 4 | പൂമാല പകൽ വീട് |
| 5 | വെള്ളെള്ള് വനിത വിപണന കേന്ദ്രം |
| 6 | മിനി വ്യവസായ എസ്റ്റേറ്റ് പന്നിമറ്റം |
| 7 | മിനി വ്യവസായ എസ്റ്റേറ്റ് ചവർണ്ണ,<br>ആലക്കോട് |
| 8 | മിനി വ്യവസായ എസ്റ്റേറ്റ്, കാഞ്ഞാർ |
| 9 | സാംസ്കാരിക നിലയം കുറുമ്പാലമറ്റം |
| 10 | മഹിളാ സമാജം,പൂമാല |
| 11 | എഴുപതേക്കർ വനിത വിപണന കേന്ദ്രം |
| 12 | വനിത വിപണന കേന്ദ്രം, രണ്ടുപാലം |
| 13 | ക്ലവക്കണ്ടം വർക്ക് ഷെഡ് |
| 14 | പ്രിയദർശിനി മഹിളാ സമാജം കെട്ടിടം, ക്ലവക്കണ്ടം |
| 15 | കിഴക്കേ മേത്തൊട്ടി ആട്ടവളർത്തൽ കേന്ദ്രം |
| 16 | ക്ലവക്കണ്ടം എഫ് ഡബ്ല്യു സെന്റർ |
| 17 | തടിയനാൽ മഹിളാ സമാജം |
| 18 | എഫ് ഡബ്ല്യു സെന്റർ വണ്ണപ്പുറം |
| 19 | കമ്മ്യൂണിറ്റി ഹാൾ മുണ്ടൻമുടി |
| 20 | മൂലേക്കാട് സാംസ്കാരിക നിലയം |
| 21 | പടിഞ്ഞാറേ മേത്തൊട്ടി ,മഹിളാ സമാജം |
| 22 | അഞ്ചിരി പാടശേഖര സമിതി കെട്ടിടം |
| 23 | ക്ലവക്കണ്ടം ട്രൈബൽ കോപ്പറേറ്റീവ് സൊസൈറ്റി |
| 24 | മാളിയേക്കൽ കോളനി വനിതാ വിപണന കേന്ദ്രം |
| 25 | അട്ടൂർമല വനിത സാംസ്കാരിക നിലയം |
| 26 | പള്ളിക്കവല വനിത സാംസ്കാരിക നിലയം |

ഇവയിൽ ഉപയോഗയോഗ്യമായവ വാടകയ്ക്ക് നൽകിയും അല്ലാത്തവയിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് നൽകിയും പഞ്ചായത്തിന്റെ സുസ്ഥിര വികസനത്തിന് അനുയോജ്യമായ രീതിയിൽ ഉപയോഗിക്കേണ്ടതാണ്.

1-13 പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധിക തുക നൽകി നഷ്ടം ₹5000/-

2020-21 ൽ നടപ്പാക്കിയ പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഒരു വിദ്യാർത്ഥിക്ക് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതിൽ അധികരിച്ച് ₹5000/- അധികമായി നൽകി. വിശദ വിവരം ചുവടെച്ചേർക്കുന്നു.

| പദ്ധതി നം./തീയതി<br>പദ്ധതിയുടെ പേര് | 16/21<br>പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | | |
|---|---|---|---|---|
| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക₹ | നൽകാവുന്ന തുക₹ | ബിൽ നം./തീയതി |
| ആര്യ പി.ആർ, പറപ്പിള്ളിൽ | ടിടിസി | 20,000/- | 15000/- | 20100563009300897874 / 06-01-2021 |

തുക അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3/31-12-2021ന് മറുപടി ഹാജരാക്കിയില്ല. അധികമായി നൽകിയ സബ്സിഡി തുക ₹5000/- ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പ്ലാൻ ഫണ്ടിലേയ്ക്ക് അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ കരിമണ്ണൂർ കാർഷിക വിപണിയ്ക്ക് ഒറ്റത്തവണ ഗ്രാന്റ് നൽകൽ-പദ്ധതി നടത്തിപ്പിൽ അപാകതകൾ -ചെലവ് തടസ്സം ₹60,400/-

പദ്ധതി നം. 153/21-കരിമണ്ണൂർ കാർഷിക വിപണിയ്ക്ക് ഒറ്റത്തവണ ധനസഹായം
അടങ്കൽ-₹60400/- (വികസനഫണ്ട്- ജനറൽ)
ചെലവ്-₹60400/- (ബിൽ നം. 20100563009701125093/20-02-2021)
നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി അസി. ഡയറക്ടർ

കരിമണ്ണൂർ കാർഷിക വിപണിയ്ക്ക് (രജി.നം.ഐ.ഡി.കെ/ടി.സി./50/2018)അടിസ്ഥാന സൗകര്യ വികസനത്തിനായി ₹60,400/-, ഒറ്റത്തവണ ഗ്രാന്റായി മേൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ലെ ഖ.6-1-16 പ്രകാരം പ്രാദേശിക ഉത്പന്നങ്ങൾക്ക് വിപണന സംവിധാനം എന്ന നിലയിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ കാർഷിക കർമ്മസേനകൾ/അഗ്രോ സർവ്വീസ് സെന്ററുകൾ/കർഷകഗ്രൂപ്പുകൾ എന്നിവയ്ക്ക് തുക അനുവദിക്കാവുന്നതാണ്. 'അടിസ്ഥാന സൗകര്യങ്ങൾ, വാടക, ഉപകരണം, അക്കൗണ്ടിങ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥ ഉണ്ടായിരിക്കണം എന്ന നിബന്ധനയിൽ വാർഷിക ഗ്രാന്റ് അനുവദിക്കാവുന്നതാണ് എന്നാണ് ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ കരിമണ്ണൂർ കാർഷിക വിപണിയ്ക്ക് ഗ്രാന്റ് അനുവദിച്ചതിൽ താഴെ സൂചിപ്പിയ്ക്കുന്ന അപാകതകൾ കാണുന്നു.

1) ഗ്രാന്റിനുള്ള അപേക്ഷയിൽ കരിമണ്ണൂർ കൃഷി ഓഫീസർ രേഖപ്പെടുത്തിയ ശുപാർശ അംഗീകരിച്ചതല്ലാതെ, വിപണിയുടെ രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തി പ്രവർത്തനം വിലയിരുത്തിയും മേൽ ആനുകൂല്യത്തിനുള്ള ആവശ്യകതയും അർഹതയും ഉറപ്പാക്കി കൃഷി അസി.ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് പദ്ധതി സംബന്ധിച്ച രേഖകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2) ടി പദ്ധതി സംബന്ധിച്ച് കരിമണ്ണൂർ കാർഷിക വിപണി സെക്രട്ടറി/പ്രസിഡന്റ്,കൃഷി അസിസ്റ്റന്റ് ഡയറക്ടറുമായി₹200/-ന്റെ മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3) കാർഷിക വിപണി പ്രസിഡന്റ്/ *സെക്രട്ടറി 12-02-2021 ൽ ഇളംദേശം എഡിഎയ്ക്കും കരിമണ്ണൂർ കൃഷി ഓഫീസർക്കും നല്കിയ അപേക്ഷ പ്രകാരം 2018-19 ൽ ₹759,340-* ഉം 2019-20ൽ ₹13,69,540/- ഉം ടേൺഓവർ ഉള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥ പരിശോധിച്ച്

ഉറപ്പുവരുത്തിയിട്ടില്ല. മാത്രമല്ല വിപണിയുടെ കേരള ഗ്രാമിൺ ബാങ്ക്, കരിമണ്ണൂർ ബ്രാഞ്ചിലെ അക്കൗണ്ട് നം.4039101032422 പ്രകാരം സൂചിത വർഷങ്ങളിൽ ടി തുക ടേണോവറായി കാണുന്നില്ല.

4) കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയ S-squared Technologies( ₹44000/-), Real Time Solutions(₹15000/-), JJ Stores(₹1400/-) എന്നിവയുൾപ്പടെ ആകെ പദ്ധതിത്തുക ₹60,400/-(ബിൽ നം. 20100563009701125093/20-02-2021), കരിമണ്ണൂർ കാർഷിക വിപണിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ഈ തുക ഉപകരണങ്ങളുടെ വിതരണക്കാർക്ക് നൽകുന്നതിന് പകരം കാർഷിക വിപണി സെക്രട്ടറിയായ ശ്രീ.ഡിസൂസ ജോയിക്ക് നൽകിയതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം സെക്രട്ടറിക്ക് തുക നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5)നിലവിൽ തുടർന്നു പോന്നിരുന്ന അക്കൌണ്ടിംഗ് രീതി ഏതു വിധത്തിലുള്ളതായിരുന്നു എന്ന് ഉറപ്പുവരുത്താതെയാണ് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിരിക്കുന്നത്. മാത്രമല്ല ഇതിന്റെ മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/03-01-2022 ന് മറുപടി ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളാലും നിയമാനുസൃത കരാർ ഹാജരാക്കിയിട്ടില്ലാത്തതിനാലും ചെലവ് തുക ₹60,400/- തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ടുകൾ വ്യക്തമായ രേഖകൾ ഹാജരാക്കിയതിനു ശേഷവും പിന്നീട് തുടർന്നും ടി ആനുകൂല്യം പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പ് വരുത്തിയതിനു ശേഷവും മാത്രം നൽകേണ്ടതാണ്. ഫണ്ട് വിനിയോഗത്തിന് മാത്രമായി പദ്ധതികൾ രൂപീകരിക്കാതിരിക്കുവാൻ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 ടെണ്ടർ ഫീ-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21-വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 77 പദ്ധതികളുടെ ടെണ്ടർ ഫോം ഫീസായി ₹211230/- എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതുവരെയും വരവ് വച്ചിട്ടില്ല. ടെണ്ടർ ഫോം ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചെന്നിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 നിയമപരമായ കാലാവധിക്ക് ശേഷവും പിഴ ഈടാക്കാതെ കരാർ ചമയ്ക്കാൻ കരാറുകാർക്ക് അനുവാദം നൽകി

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം ₹1,000/-, പരമാവധി ₹25,000/-) കരാർ ചമയ്ക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ടുകെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള

നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത് എങ്കിലും പിഴ ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം | പ്രോജക്റ്റ് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വെയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക ₹ | പ്രവർത്തിയുടെ പൂർത്തീകരണ തീയതി/ പ്രവൃത്തി മൂല്യം | ബിൽ നം തിയതി തുക ₹ | ഈടാക്കാവുന്ന പിഴ ₹ |
|---|---|---|---|---|---|---|---|---|
| 1 | പൂച്ചപ്ര കരിപ്പിലങ്ങാട് ട്രൈബൽ സ്കൂളുകളിൽ ടോയ്‌ലറ്റും അനുബന്ധ സൌകര്യങ്ങളും<br>എസ് 00131/19 | പി സി മാനുവൽ പുത്തൻപുരയിൽ | 16.11.18 | 30.11.18 | 20.12.18/400000 | 3.9.20/385716 | 20100563010000574883/30.9.20 /385716 | 4000 |
| 2 | ഇഞ്ചിയാനി അഞ്ചിരികവല റോഡ് ഐറിഷ് ഓട നിർമ്മാണം(എസ് 01621/21 | പി കെ ഷാജി, പെഴും കാട്ടിൽ | 09.09.2020 | 24.9.20 | 05.10.20/349944 | 22,2,2021/347171 | 2010056310001166445/27.2.21 /347171 | 3500 |
| 3 | കരിമണ്ണൂർ കാർഷിക വിപണന കേന്ദ്രത്തിന് മേൽക്കൂരയും അനുബന്ധ സൌകര്യങ്ങളും<br>എസ് 0056/19 | എം എം സുലൈമാൻ<br>മാമൂട്ടിൽ | 10.8.18 | 25.8.18 | 9.11.18/739180.88 | 30.3.20/739180 | 19100563010000538556/31.8.19 /287506<br>19100563010001183611/30.1.20 /252065<br>20100563010000054312/11.4.20 /199609 | 7400 |
| | | | | | | | ആകെ | 14900 |

നിബന്ധന പാലിക്കാതെയും പിഴ ഈടാക്കാതെയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/05.01.2021 ന് മറുപടി നൽകിയിട്ടില്ല. നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമയ്ക്കാത്തതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ നിഷ്ക്രിയ അസ്തികളായി പരിണമിക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾ പലതും ലക്ഷ്യപ്രാപ്തിയിലെത്താതെ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നതായി കാണുന്നു. മുൻ വർഷങ്ങളിൽ പണി പൂർത്തിയാക്കി നിഷ്ക്രിയ ആസ്തികളിൽ വീണ്ടും അറ്റകുറ്റപ്പണികൾ നടത്തുകയും തുടർന്നും ഒരാവശ്യത്തിനും ഉപയോഗിക്കാതെ നശിച്ചുപോവുന്നതായി കാണുന്നു. ഏതാനം ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

### 1. കരിമണ്ണൂർ ഹോസ്റ്റൽ പരിസരത്ത് തുമ്പൂർമൂഴി കമ്പോസ്റ്റ് സ്ഥാപിക്കൽ

കരിമണ്ണൂർ എസ് സി ഹോസ്റ്റൽ പരിസരത്ത്, തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് പദ്ധതി (നം.എസ് 165/20) 171973 രൂപ ചെലവഴിച്ച് നിർമ്മിച്ചു നല്കിയിട്ടുണ്ട്. രണ്ട് യൂണിറ്റുകളാണ് ഇതിൽ നിർമ്മിച്ചിട്ടുള്ളത്. 2021 മാർച്ച് മാസം പണിപൂർത്തികരിച്ച മേൽ യൂണിറ്റുകളിൽ ഒന്നിൽപ്പോലും നാളിതുവരെ മാലിന്യങ്ങളൊന്നും നിക്ഷേപിച്ചിട്ടില്ലയെന്നു മാത്രമല്ല പ്രസ്തുത കമ്പോസ്റ്റ് യൂണിറ്റും അനുബന്ധ കെട്ടിടവും കാട് കയറിയ നിലയിലാണ്.



മേൽ കമ്പോസ്റ്റ് യൂണിറ്റ് ശുചിയാക്കി ഉപയോഗിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>പന്നിമറ്റം വ്യവസായ പാർക്ക്</u>

പന്നിമറ്റം വ്യവസായ പാർക്കിൽ 2019-20 ,2020-21 വർഷങ്ങളിൽ താഴെ പറയുന്ന 4 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഓരോ പ്രവൃത്തിയുടെ പേരും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| ക്രമനം. | പദ്ധതി നം. , പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | പന്നിമറ്റം വ്യവസായ പാർക്ക് മെയിന്റൻസ് എസ് 0079/20 | 497257 |
| 2 | പന്നിമറ്റം വ്യവസായ പാർക്കിന് പുതിയ മന്ദിരം നിർമ്മാണം എസ് 0075/20 | 695753 |
| 3 | പന്നിമറ്റം വ്യവസായ പാർക്കിന് ടോയ്‌ലറ്റ് എസ് 0188/21 | 238117 |
| 4 | പന്നിമറ്റം വ്യവസായ പാർക്കിലെ കെട്ടിടങ്ങളുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ എസ് 0196/21 | 409168 |
| 5 | പന്നിമറ്റം വ്യവസായ പാർക്ക് മെയിന്റനൻസ് അധിക തുക ചെലവഴിക്കൽ എസ് 164/20 | 22346 |
| | ആകെ | 1862641 |

പന്നിമറ്റം വ്യവസായ പാർക്കിലെ പഴയ കെട്ടിടത്തിൽ ഒരു വ്യവസായ പ്രവർത്തനങ്ങളും നടക്കാതെ കാട് പിടിച്ച് കിടക്കുന്ന സാഹചര്യത്തിലാണ് പുതിയകെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പുതിയ കെട്ടിടവും അതിനോടനുബന്ധിച്ച് ടോയ്‌ലറ്റും നിർമ്മാണം പൂർത്തികരിച്ചിട്ട് ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും നാളിതുവരെ ഒരു പ്രവർത്തനങ്ങളും ഇവിടെ നടന്നിട്ടില്ല. പഴയ കെട്ടിടത്തിന് മെയിന്റനൻസ് നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ഉപയോഗിക്കാതെ കാടുകയറി നാശോന്മുഖമായിരിക്കുന്നു. ആവശ്യകത നിർണ്ണയം നടത്തി പദ്ധതികൾ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്. വ്യവസായങ്ങൾ നാടിന്റെ സമഗ്ര വികസനത്തിന്റെ നാഴിക കല്ലുകളായിരിക്കെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുന്നത് ഉചിതമാണെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ലായെങ്കിൽ മറ്റ് വികസന

പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പദ്ധതി പണം പാഴായി പോവുന്നതിന് ഇടയാവും. മേൽ വ്യവസായ പാർക്കിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.






3. ചവർണ്ണ വ്യവസായ പാർക്ക്

ചവർണ്ണ വ്യവസായ പാർക്ക് മെയിന്റനൻസ് എന്ന പദ്ധതി (നം.എസ്71/21) ൽപ്പെടുത്തി 330,022രൂപ ചെലവഴിച്ച് ചവർണ്ണ വ്യവസായ പാർക്കിൽ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് . 2020 ഡിസംബർ മാസം അറ്റകുറ്റപണി പൂർത്തികരിച്ച മേൽ വ്യവസായ യൂണിറ്റുകളിൽ ഒന്നിൽപ്പോലും നാളിതുവരെ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലായെന്നു മാത്രമല്ല പ്രസ്തുത വ്യവസായ പാർക്ക് കാട് കയറിയ നിലയിലാണ്. വർഷങ്ങളായി നിഷ്ക്രിയ ആസ്തികളായി തുടരുന്ന കെട്ടിടങ്ങളിൽ വീണ്ടും വീണ്ടും പണം മുടക്കുന്നത് ഉചിതമല്ല.




1-18 പ്രവൃത്തികൾ വിഭജിച്ച് നല്കുന്നത് സംബന്ധിച്ച്

നിർമ്മാണ പദ്ധതികളിൽ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തയ്യാറാക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട 29.01.2018ലെ സ.ഉ.(കൈ) 11/18 /ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക 3.5.1,9 ൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള പി.ഡബ്ല്യു.ഡി മാനവൽ സെക്ഷൻ 2014 പ്രകാരം ഉദ്യോഗസ്ഥർ തങ്ങളുടെ ഡെലിഗേഷൻ ഓഫ് പവറിൽ പരിമിതപ്പെടുത്തുന്നതിനായി പ്രവൃത്തികൾ വിഭജിച്ച് നല്കുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഒരേ കെട്ടിടത്തിലെ പ്രവൃത്തികൾ ഒന്നിലധികം പദ്ധതികളായി നടപ്പിലാക്കിയിരിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | നടപ്പാക്കിയ പദ്ധതികൾ |
|---|---|---|
| 1 | പന്നിമറ്റം വ്യവസായ പാർക്ക് മെയിന്റനൻസ് | പന്നിമറ്റം വ്യവസായ പാർക്കിലെ കെട്ടിടങ്ങളുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ എസ് 0196/21 |
| | | പന്നിമറ്റം വ്യവസായ പാർക്ക് മെയിന്റനൻസ് അധിക തുക ചെലവഴിക്കൽ എസ് 114/21 |
| 2 | പന്നിമറ്റം വ്യവസായ പാർക്കിന് പുതിയ മന്ദിരം നിർമ്മാണം | പന്നിമറ്റം വ്യവസായ പാർക്കിന് പുതിയ മന്ദിരം നിർമ്മാണം എസ് 104/21 |
| | | പന്നിമറ്റം വ്യവസായ പാർക്കിന് ടോയ്‌ലറ്റ് എസ് 0188/21 |
| 3 | ബ്ലോക്ക് ഓഫീസ് അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ | ബ്ലോക്ക് ഓഫീസ് ഐ.എസ്.ഒ അടിസ്ഥാന സൌകര്യം വികസനം എസ് 078/21 |
| | | ബ്ലോക്ക് ഓഫീസ് ടോയ്‌ലറ്റുകളുടെയും അനുബന്ധ സൌകര്യങ്ങളുടെയും അറ്റകുറ്റപ്പണികൾഎസ് 107/21 |
| | | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ പൂർത്തീകരണം എസ് 097/21 |
| | | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ എസ് 014721 |
| 4 | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് കട്ടിക്കയം കമ്മ്യൂണിറ്റി ഹാൾ പൂർത്തികരണം | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് കട്ടിക്കയം കമ്മ്യൂണിറ്റി ഹാൾ പൂർത്തികരണം എസ് 0068/21 |
| | | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് കട്ടിക്കയം കമ്മ്യൂണിറ്റി ഹാൾ ടോയ്‌ലറ്റ് നിർമ്മാണം<br>എസ് 0133/21 |

ഭാവിയിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തന്നെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

കോവിഡ് 19 ബാധയെത്തുടർന്നുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് ഒരു പഞ്ചായത്തിന് രൂ.30,000/-നിരക്കിൽ താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ചെക്ക് നമ്പർ /തീയതി | തുക | തുക ലഭ്യമായ പഞ്ചായത്ത് |
|---|---|---|
| 5530115/23-04-2020 | 30000 | കോടിക്കുളം ഗ്രാമപഞ്ചായത്ത് |
| 5530116/23-04-2020 | 30000 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 5530117/23-04-2020 | 30000 | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് |
| 5530119/04-05-2020 | 60000 | ആലക്കോട്,വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് |
| 5530136/28 -05-2020 | 60000 | വെള്ളിയാമറ്റം,കുടയത്തൂർ ഗ്രാമപഞ്ചായത്ത് |

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിനോടൊപ്പം ഓഡിറ്റ് സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ഡെപ്പോസിറ്റ് തുക/തീയതി | ഏജൻസി | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| 1 | ഉപ്പുകുളം-കണിയാംകുഴിയിൽ കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 191000 | 175000/15-03-21 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |
| 2 | വെള്ളിയാമറ്റം -പൂച്ചപ്ര ബൗണ്ടറി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 | 90000/31-03-21 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |
| 3 | വെള്ളിയാമറ്റം-ലത്തീൻ പള്ളി കുരങ്കല്ല് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 293000 | 293000/31-03-21 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |
| 4 | വണ്ണപ്പുറം വനിതാ വിപണന കേന്ദ്രത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും | 340000 | 285000/- | കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 5 | കുവപ്പള്ളി-കരിമണ്ണൂർ എസ് സി ഹോസ്റ്റലുകൾക്ക് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും | 421045 | 421045/- | കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

വാർഷിക ധനകാര്യ പത്രിക പ്രകാരം ലോൺ അക്കൗണ്ടിന്റെ ബാലൻസ് 1,80,000/- രൂപയാണ്. എന്നാൽ ഐ.എ.വൈ ഭവനവായ്പയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021ലെ ബാലൻസ് 7,78,051/- രൂപയാണെന്ന് കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം 1,26,00,000/- രൂപ തിരിച്ചടവ് ഉണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തിനാൽ പലിശയിനത്തിലും മുതൽ ഇനത്തിലും ഉള്ള തിരിച്ചടവുകൾ വ്യക്തമല്ല. ലോൺ രജിസ്റ്റർ കാലികമാക്കി ലോണിന്റെ ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹45,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹35,000 |

₹വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | ₹35,000 |
| ആകെ | ₹35,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60934209 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64862772 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13 | - | 5000/- | സോഫിയമോൾ എസ്. പട്ടികജാതി വികസന ഓഫീസർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 60,400 | ഡീന എബ്രഹാം<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>ഇളംദേശം ബ്ലോക്ക് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോഫിയമോൾ എസ്.<br>പട്ടികജാതി വികസന ഓഫീസർ,<br>ഇളംദേശം | പട്ടികജാതി വികസന ഓഫീസർ<br>ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,<br>ചെങ്ങന്നൂർ | സോഫിയമോൾ എസ്.<br>മഞ്ഞുമറ്റത്തിൽ<br>മുളപ്പുറം പി.ഒ.<br>കരിമണ്ണൂർ-685581 |
| ഡീന എബ്രഹാം<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ഡീന എബ്രഹാം<br>പകക്കാട്ട്<br>വാഴക്കുളം പി.ഒ.-<br>686670 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ-3/347/99/ 27.09.1999 | 6 | 13,14,15,16,17,18 |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-8-64/99/ 16.02.1999 | - | - |
| 19797-98 | എൽ.എഫ്.ഐ-3/388/99/ 27.09.1999 | 15 | 13 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ3/469/00/ 27.08.2000- | 8 | 19.20,21(1),23,<br>24,25,27,28 |
| 1999-2000 | എൽ.എഫ്.ഐ-4/221/2004/ 21.07.2004 | 12 | 14,15,16,17,21,22,<br>23,24,25,27,29,30 |
| 2000-2001 | എൽ.എഫ്.ഐ-4/224/2015/ 7.04.2015 | 17 | 14,15,16,17,18 (2,3)<br>20,21,22,23,24,26,<br>27,28,29,30,31,33 |
| 2001-2002 | എൽ.എഫ്.ഐ-4/377/2005/<br>09.08.2005-64/99/16.02.1999 | 7 | 4,5,6,7,8,9,10 |
| 2002-2003 | എൽ.എഫ്.ഐ-4/240/2006/<br>19.05.2006-64/99/16.02.1999 | 10 | 2-1,3-1മുതൽ 3-9 വരെ |
| 2003-2004 | എൽ.എഫ്.ഐ-4/872/2007/<br>09.10.2007-64/99/16.02.1999 | 12 | 2-1 Abc,<br>3-1 മുതൽ3-11 വരെ |
| 2004-2005 | എൽ.എഫ്.ഐ-4/58/2009/ 11.09.2009 | 5 | 2-2,3-1മുതൽ 3-4വരെ |
| 2005-2006 | എൽ.എഫ്.ഐ 4/507/2009/<br>03.08.2009-64/99/16.02.1999 | 13 | 2-1,മതൽ2-12 വരെ |
| 2006-2007 | എൽ.എഫ്.ഐ-4/496/2012/<br>06.07.2012-680/90/27.08.1990 | 7 | 2-1,3-5,3-8,3-9,<br>3-13,3-14,3-15 |
| 2007-2008 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 3 | 3-1,3-7,3-8 Abc |
| 2008-2009 | കെ.എസ്.എ -ഐഡികെ-10/1020<br>/2017/28.10.2017-<br>/10/1409/18/01.01.2018 | 5 | 2-1,3-1,3-7,<br>3-8,3-11 |
| 2009-2010 | കെ.എസ്.എ -ഐഡികെ/10/ 1409/18<br>/01.01.2018 - | 2 | 3-4,3-5 |
| 2010-2011 | കെ.എസ്.എ -ഐഡികെ-10/1486/<br>16/.05.12.2016 | 5 | 2-1,3-1,3-2,<br>3-3,3-5 |
| 2011-2012 &<br>2012-2011 | കെ.എസ്.എ -ഐഡികെ-10/442/<br>18/18.04.18- | 7 | 3-1,3-2,3-3,<br>3-4,3-7,3-8,3-9 |
| 2013-2014 | കെ.എസ്.എ-ഐഡികെ-10-/960/<br>2017/01.07.2017- | 3 | 3-2,3-3,3-5 |

| | | | |
|---|---|---|---|
| 2014-2015 | കെ.എസ്.എ -ഐഡികെ-10/732/ 2016/ 02.07.16-415/96/ 10.10.1996 | 6 | 2-1,2-2,2-3,2-4, 3-4,3-5,3-7 |
| 2015-2016 | കെ.എസ്.എ -ഐഡികെ-10/1659/ 2017/22.03.2018-383/03/ /31.07.2003 | 5 | 2-1,2-2,2-3, 3-1,3-2 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | 9 | 1-12, 2-2, 2-3, 3-1, 3-8, 3-11, 3-12, 3-13, 3-15 |
| 2017-2018 | കെ.എസ്.എ-ഐ.ഡി.കെ.10/115/ 19/23.03.2019 | 13 | 1-12, 2-1,2-2, 3-1 മുതൽ 3-10 വരെ |
| 2018-2019 | കെ.എസ്.എ-ഐ.ഡി.കെ10/167/ 2020/19.03.2020 | 11 | 1-11 മുതൽ 1-21 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്